പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3024 07/02/2018-ൽ മറുപടിക്ക്

## എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി.ടി.എ. റഹീം: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) എയ്ഡഡ് സ്കൂളുകളിൽ നിരവധി അദ്ധ്യാപകർ നിയമനത്തിന് അംഗീകാരം കിട്ടാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ: | (എ) സ്കൂൾ മാനേജർമാർ നടത്തുന്ന നിയമനങ്ങൾ അതത്കാലം നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്ക് അനുസൃതമാണെങ്കിൽ അവയ്ക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ തടസ്സമില്ല. |
| (ബി) എങ്കിൽ നിയമന അംഗീകാരം നൽകേണ്ട അധികാരിയുടെ അനുമതി വാങ്ങിയശേഷം മാത്രമേ നിയമനം നടത്താവൂ എന്ന് നിഷ്കർഷിക്കുന്നതിൽ എന്ത് തടസ്സമാണുള്ളതെന്ന് വിശദമാക്കാമോ:<br><br>(സി) ഇല്ലാത്ത പോസ്റ്റുകളിൽ മാനേജ്മെന്റ് നിയമനം നടത്തുന്ന പ്രവണത നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ: | (ബി) യും (സി) യും കേരള വിദ്യാഭ്യാസ ചട്ടം വകുപ്പ് 11 ഉം കേരള വിദ്യാഭ്യസ നിയമം അദ്ധ്യായം XIV A റൂൾ 1 ഉം പ്രകാരം നിയമനാധികാരി സ്കൂൾമാനേജരാണ്. അതിനാൽ നിയമനത്തിനുള്ള അധികാരം വ്യവസ്ഥകൾക്കു വിധേയമാക്കുന്നതിന് സർക്കാരിനു പരിമിതിയുണ്ട്.<br>തത്വദീക്ഷയും ഉചിതജ്ഞതയും കൂടാതെ മാനേജർമാർ അവരുടെ നിയമനാധികാരം പ്രയോഗിച്ചാൽ, ആ പ്രവണത നിയന്ത്രിക്കുന്നതിന് വേണ്ടിയാണ് ചട്ടം 8 പ്രകാരം വിദ്യാഭ്യാസ ഓഫീസർമാർ അത്തരം നിയമനങ്ങൾ പരിശോധിച്ച് മാത്രം അംഗീകാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിയമനാംഗീകാരം ഓൺലൈൻ വഴി നടത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) പല മാനേജ്മെന്റുകളും കോഴ വാങ്ങി അദ്ധ്യാപകരെ നിയമിച്ചശേഷം ഡിവിഷൻ ഫാൾ മൂലം ജോലി നഷ്ടപ്പെടുന്ന അദ്ധ്യാപകർക്ക് സംരക്ഷണം നൽകുന്ന നടപടി തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കാമോ?. | (ഡി) 2011-12 മുതൽ അധിക ഡിവിഷൻ തസ്തികകളിൽ നിയമിക്കപ്പെട്ടവർക്കും 2015-16 മുതൽ നിയമിതരായവർക്കും ഇപ്പോൾ സംരക്ഷണാനുകൂല്യമില്ല. |

സെക്ഷൻ ഓഫീസർ